ലേഖനം ● അജിത് സാഹി

# പ്രവാചകൻ എന്റെ പ്രചോദനം

**ജന്മനാലോ** വിശ്വാസമാറ്റം വന്നോ മുസ്‌ലിമായ ഒരാളല്ല ഞാൻ. ജന്മനാ ഒരു ഹിന്ദുവാണ് ഞാൻ; ആ നിലയിൽ തന്നെയാവും ഞാൻ മരിക്കുന്നതും. എന്നെക്കുറിച്ച് 'വീണ്ടും ജനിച്ച ഹിന്ദു' (Born-again Hindu) എന്ന് പറയുന്നതാവും ശരി. പലതരം വിഭിന്ന ധാരകൾ ഒത്തുചേർന്നോ വെവ്വേറെ തരം തിരിഞ്ഞ് നിന്നോ ഒക്കെയാണ് എന്റെ മതവിശ്വാസത്തെ പ്രതീകവത്കരിക്കുന്നത്.



ഒരു ഹിന്ദു എന്ന നിലക്ക് ഞാൻ ആരാണ് എന്ന എന്റെ അന്വേഷണങ്ങൾ ചില അപരിചിത ഇടങ്ങളിലൂടെ എന്നെ കൊണ്ടു പോയിട്ടുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച എന്നെപ്പോലുള്ള ഉപരിവർഗ-മധ്യവർഗ ഹിന്ദുക്കളിൽ വലിയൊരു വിഭാഗം ഉറച്ച് വിശ്വസിക്കുന്നത്, എല്ലാ പൊതുജീവിത വ്യവഹാരങ്ങളെയും നിർവചിക്കേണ്ടത് സെക്യുലറിസം മാത്രമായിരിക്കണമെന്നാണ്. ഒരാളുടെ വ്യക്തി ജീവിതത്തിലേ മതം കടന്നുവരാവൂ എന്ന ചിന്ത അവർക്കിടയിൽ, പ്രത്യേകിച്ച് പാശ്ചാത്യവത്കരിക്കപ്പെട്ട ഹിന്ദുക്കൾക്കിടയിൽ വളരെ പ്രബലമാണു താനും.

രാഷ്ട്രീയ സാമൂഹിക ജീവിതത്തിൽ മതവിശ്വാസങ്ങൾക്കും ഒരു പങ്ക് നിർവഹിക്കാനുണ്ട് എന്ന് മുസ്‌ലിംകളെപ്പോലുള്ളവർ പറയുമ്പോൾ, പുരോഗമനവാദികളെന്ന് വിശേഷിപ്പിക്കപ്പെടുന്ന മേൽപറഞ്ഞ അഭ്യസ്ത വിഭാഗം ആ വാദഗതിയെ കഠിനമായി ഭർത്സിക്കുന്നത് അതുകൊണ്ടാണ്. തൊണ്ണൂറുകളുടെ അവസാനത്തിൽ മഹാത്മാ ഗാന്ധിയെ വായിക്കുന്നത് വരെ ഞാനും അത്തരമൊരു ലിബറൽ ചിന്താഗതിക്കാരനായിരുന്നു. ഗാന്ധിജി തന്റെ ജീവിതത്തിലുടനീളം ഇസ്‌ലാമിനെക്കുറിച്ചും പ്രവാചകനെക്കുറിച്ചും മുസ്‌ലിംകളെക്കുറിച്ചും നടത്തിയ പരാമർശങ്ങളാണ് പ്രവാചകനായ മുഹമ്മദിൽ എനിക്ക് താൽപര്യമുണ്ടാവാൻ കാരണമായത്. മറ്റു മതങ്ങളെ മനസ്സിലാക്കുകയും അവയെ സ്വായത്തമാക്കുകയും ചെയ്തെങ്കിലേ നല്ലൊരു ഹിന്ദുവാകൂ എന്ന് ഞാൻ പഠിച്ചത് ഗാന്ധിജിയിൽനിന്നാണ്.

പ്രവാചകനെക്കുറിച്ച് എന്റെ ആദ്യത്തേതും എന്നാൽ കൂടുതൽ സമഗ്രവുമായ വായന പ്രവാചകജീവിതത്തെക്കുറിച്ചുള്ള കരൻ ആംസ്ട്രോംഗിന്റെ ശ്രദ്ധേയ രചനയാണ്. പ്രവാചകന്റെ വിസ്മയകരമായ ജീവിതം എന്നെ നിതാന്തം അത്ഭുതപരതന്ത്രനാക്കുന്നു. മുസ്‌ലിമല്ലാത്ത എന്നെ സംബന്ധിച്ചേടത്തോളം പ്രവാചകനായ മുഹമ്മദ്, യേശു ക്രിസ്തുവിന്റെയും ബുദ്ധന്റെയും ഒപ്പമാണ് നിലകൊള്ളുന്നത്; ആ നിരയിലേക്ക് ഞാൻ ഗാന്ധിജിയെയും ചേർത്തുവെക്കുന്നു.

അക്രമോത്സുകനായ നേതാവ് എന്ന നിലക്കാണ് പാശ്ചാത്യരിൽ പലരും പ്രവാചകനെ ചിത്രീകരിച്ച് കാണുന്നത്. ഇതിനേക്കാൾ അസത്യമായ മറ്റൊരു പ്രസ്താവമില്ല. നിർബന്ധിതാവസ്ഥയിൽ ഒരു ബാധ്യതയായി ഏറ്റെടുക്കേണ്ടിവന്ന സന്ദർഭങ്ങളിലല്ലാതെ പ്രവാചകൻ ഒരിക്കലും ഒരു യുദ്ധവും ചെയ്തിട്ടില്ല. നോക്കൂ അദ്ദേഹത്തിന്റെ പത്തു വർഷത്തെ മക്കാ ജീവിതം. കടുത്ത പ്രതികൂലാവസ്ഥകളിൽ എങ്ങനെ വിനയവും സ്വഭാവ വിശുദ്ധിയും ആത്മീയതയും കൈവരിക്കാം എന്നതിന്റെ സാധനപാഠമാണ് ആ കാലഘട്ടം. സർവശക്തനായ ദൈവത്തിൽ പ്രവാചകൻ അർപ്പിച്ച ഇതിഹാസ സമാനമായ അടിയുറച്ച വിശ്വാസമാണ് ബില്യൻ കണക്കിന് മുസ്‌ലിംകളെയും അമുസ്‌ലിംകളെ

യും തലമുറകളായി പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്നത്.

പ്രവാചക ജീവിതത്തിൽ എന്നെ ഏറ്റവുമധികം പ്രചോദിപ്പിച്ച സംഭവങ്ങളിലൊന്ന്, ഹുദൈബിയാ സന്ധിയിൽ കലാശിച്ച മദീനയിൽനിന്ന് മക്കയിലേക്കുള്ള അദ്ദേഹത്തിന്റെ യാത്രയാണ്. ആയുധങ്ങളൊന്നുമില്ലാതെ ആയിരം പേരാണ് അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നത്. മക്കയുടെ പ്രാന്തങ്ങളിൽ അവർ തമ്പടിച്ചു. ഏതു നിമിഷവും അവർ ആക്രമിക്കപ്പെടാം, കൂട്ടക്കൊലക്ക് ഇരയാക്കപ്പെടാം. വിശ്വാസത്തിന്റെയും ധീരതയുടെയും ഒരു അവിശ്വസനീയ കഥ പറയുന്നു ഈ സംഭവം.

മുഹമ്മദ് തന്റെ ജീവിതത്തിലുടനീളം പാവങ്ങളുടെയും ദുരിതം പേറുന്നവരുടെയും അഗതികളുടെയും നേതാവായിരുന്നു. ഹസ്രത്ത് ബിലാലിനെപ്പോലുള്ള കറുത്ത അടിമകളെ വിമോചിപ്പിക്കാൻ അദ്ദേഹം മുന്നിട്ടിറങ്ങിയത് നമ്മുടെ മനസ്സിനെ ആഴത്തിൽ സ്പർശിക്കും. ബിലാലിനെ മഹാനായ പ്രവാചകൻ ഇസ്‌ലാമിന്റെ ആദ്യത്തെ മുഅദ്ദിൻ ആക്കി ഉയർത്തുകയായിരുന്നു. നൂറ്റാണ്ടുകൾക്ക് ശേഷം പാശ്ചാത്യ ജനവിഭാഗങ്ങൾ ആഫ്രിക്കയിലെ കറുത്ത മനുഷ്യരോട് ഭാവനാതീതമായ ക്രൂരതകൾ കാണിച്ചപ്പോൾ, അവർക്ക് സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും വഴി കാണിച്ചുകൊടുത്തത് പ്രവാചകനായിരുന്നല്ലോ. അതിനാൽതന്നെ ആഫ്രിക്കയിലെ വലിയൊരു വിഭാഗം ജനങ്ങളിൽ ഇസ്‌ലാം ഇന്നും ജനകീയമായും സ്വീകാര്യമായും തുടരുന്നതിൽ ഒട്ടും അതിശയിക്കാനില്ല. ലളിതമായി ജീവിച്ചുകൊണ്ട്, ലളിത ഭക്ഷണം കഴിച്ചുകൊണ്ട്, മൺതറയിൽ കിടന്നുറങ്ങിക്കൊണ്ട് വ്യക്തിജീവിതത്തിൽ മാതൃക കാണിക്കുകയായിരുന്നു അദ്ദേഹം.

പക്ഷേ, എനിക്ക് പ്രവാചകജീവിതത്തിൽനിന്നുള്ള വലിയ പാഠം, എന്നെ ദിനേന പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്ന പാഠം, ധീരതയുടേതാണ്; വിശ്വാസം മുറുകെപ്പിടിക്കാനുള്ള ചങ്കൂറ്റത്തിന്റേതാണ്. നിങ്ങൾക്ക് ദൈവത്തിൽ വിശ്വാസമുണ്ടെങ്കിൽ, നിങ്ങളുടെ സന്ദേശത്തിന്റെ സത്യതയിൽ പൂർണ വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ എപ്പോഴും നീതിയുടെ പാത എത്തിപ്പിടിക്കും എന്ന പാഠം. ■